**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3665** **05-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം സംസ്ഥാന സർക്കാരിൽ നിന്നും എടുത്തുമാറ്റുന്ന വിധത്തിൽ എന്തെങ്കിലും നിർദ്ദേശം റിസർവ് ബാങ്കിൽ നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ ലഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ വരുത്തിയ പുതിയ ഭേദഗതി മൂലം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഭാവിയിൽ ബാങ്ക് എന്ന പദം ഉപയോഗിക്കാനോ ചെക്ക് ഇടപാട് നടത്താനോ സാധിക്കാതെ വരുമോ; ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാകണമെങ്കിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ അവയുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കുകയും ഇടപാടുകാർക്ക് ചെക്ക് സൗകര്യം നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കേണ്ടതുമാണ്. ബാങ്കിംഗ് നിയമ(ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ഈ നിയമത്തിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐക്യകണ്ഠേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ചുള്ള ഭാവി നടപടികൾ ചർച്ച ചെയ്യുന്നതിന് ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കേരളത്തിലെ സഹകരണ അർബൻ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇല്ല. |
| (ഡി) | സഹകരണ അർബൻ ബാങ്കുകളെ ലയിപ്പിച്ച് ഒന്നാക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്കിൽ | (ഡി) | സഹകരണ അർബൻ ബാങ്കുകളെ ലയിപ്പിച്ച് ഒന്നാക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്കിൽ നിന്നും നിർദ്ദേശങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ